**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **10-08-2023 - ൽ മറുപടിയ്ക്ക്**

**മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്നു കൊണ്ട് മന്ത്രിസഭയുടെ അംഗീകാരത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ/ പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ വഞ്ചിയോട് കിന്റർ ഗാർട്ടനിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി പത്തുവർഷത്തിലധികമായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി സരിതാ കുമാരി.എ യെ - OA (EKM)1354/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021 – ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുവാൻ കൈക്കൊണ്ട തീരുമാനം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധനകാര്യവകുപ്പിന്റെ റിമാർക്ക്സ് ഉൾക്കൊള്ളുന്ന മന്ത്രിസഭായോഗ കുറിപ്പിന്റെ പകർപ്പ് **അനുബന്ധം - I** ആയി ചേർക്കുന്നു.<br><br>ലൈഫ്മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപാ നിരക്കിൽ ഏകീകരിച്ച് ഉത്തരവായത് ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധനകാര്യവകുപ്പിന്റെ റിമാർക്ക്സ് ഉൾക്കൊള്ളുന്ന മന്ത്രിസഭായോഗ കുറിപ്പിന്റെ പകർപ്പ് **അനുബന്ധം - II** ആയി ചേർക്കുന്നു.<br><br>തീരുമാനങ്ങൾ നടപ്പാക്കിയതിലൂടെ ഉണ്ടായ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ് . |
| (ബി) | മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ വഞ്ചിയോട് കിന്റർ ഗാർട്ടനിൽ പ്രതിമാസ ഹോണറേറിയം |

| | | | |
|---|---|---|---|
| | തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകുമോ? | | വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി പത്തുവർഷത്തിലധികമായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി സരിതാ കുമാരി.എ യെ - OA (EKM)1354/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021 – ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുവാൻ കൈക്കൊണ്ട തീരുമാനം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധനകാര്യവകുപ്പിന്റെ റിമാർക്ക്സ് ഉൾക്കൊള്ളുന്ന മന്ത്രിസഭായോഗ കുറിപ്പിന്റെ പകർപ്പ് **അനുബന്ധം - I** ആയി ചേർക്കുന്നു.<br><br>ലൈഫ്മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപാ നിരക്കിൽ ഏകീകരിച്ച് ഉത്തരവായത് ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധനകാര്യവകുപ്പിന്റെ റിമാർക്ക്സ് ഉൾക്കൊള്ളുന്ന മന്ത്രിസഭായോഗ കുറിപ്പിന്റെ പകർപ്പ് **അനുബന്ധം - II** ആയി ചേർക്കുന്നു.<br><br>തീരുമാനങ്ങൾ നടപ്പാക്കിയതിലൂടെ ഉണ്ടായ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ

SCSTDD-D1/116/2017-SCSTDD

ഭരണഘടനാ 1 946

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 116/ഡി1/2017/പജപവവിവ |
| 2. | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ് |
| 3. | വിഷയം | : | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി. എ - യെ OA (EKM) 1354/2017 നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021- ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ 10 വർഷം പൂർത്തിയാക്കിയ ദിവസം മുതൽ സർവീസിൽ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11/07/2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | മിനിമോൾ വി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 9 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/07/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/07/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18/07/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/07/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി. എ-യെ OA(EKM) 1354/2017 നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021-ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ 10 വർഷം പൂർത്തിയാക്കിയ ദിവസം മുതൽ സർവീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

ശ്രീമതി സരിതാകുമാരി. എ, 18.01.1994 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള വഞ്ചിയോട് കിന്റർ ഗാർട്ടനിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലിചെയ്തു വരികയാണ്. 08.07.2016-ലെ സ.ഉ(സാധാ) നം. 919/2016/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. സരിതാകുമാരിയുടെ മേൽപ്പറഞ്ഞ താൽക്കാലിക നിയമനം റഗുലറൈസ് ചെയ്യാതെ സർവ്വീസിൽ തുടരുന്നതിന് മാത്രം സർക്കാർ അനുവദിച്ചിരുന്നു. അതിനു ശേഷം തനിക്ക് സ്ഥിരനിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സരിതാകുമാരി. എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA(EKM) 1354 /2017 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് തീർപ്പാക്കിക്കൊണ്ട് ബഹു. ട്രൈബ്യൂണൽ 27.10.2021-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

"The first respondent (Secretary, Scheduled Castes Scheduled Tribes Development Department) shall pass appropriate orders within a period of three months from the date of receipt of a certified copy of this order, regularising the service of the applicant in accordance with the dictum laid down in Paragraph 53 of Umadevi's judgement ie, from the date of completion of ten years of service and on issuance of such orders, the

applicant will be entitled to all consequential benefits thereof."

ഇക്കാര്യം സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയുന്നു.

"ശ്രീമതി. സരിതകുമാരി. എ പ്രസ്തുത തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാകുന്നു. ടിയാൾ 18.01.1994 മുതൽ 27 വർഷമായി സേവനം അനുഷ്ഠിച്ചുവരികയാണ്. ടിയാൾ ബഹു. സുപ്രീം കോടതിയുടെ ഉമാദേവി കേസിന്റെ വിധിന്യായ കാലയളവിൽ 12 വർഷത്തോളം സേവനം അനുഷ്ഠിച്ചിട്ടുള്ളതുമാകുന്നു. കൂടാതെ അപേക്ഷ പരിഗണിക്കവെ OA No.574/2016 KAT- ന്റെ വിധിന്യായം നടപ്പിലാക്കി കൊണ്ട് ടിയാളെ സ്ഥിരപ്പെടുത്താതെ KS & SSR Part-II Rule 39 – ന്റെ അടിസ്ഥാനത്തിൽ ടിയാളെ വിരമിക്കും വരെ സേവനത്തിൽ തുടരാൻ ഉത്തരവായിട്ടുള്ളതുമാകുന്നു.

ടി സാഹചര്യത്തിൽ പി.എസ്.സി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരത്തെയും ജാതി സംവരണത്തെയും ബാധിക്കുന്നതും നഷ്ടപ്പെടുത്തുന്നതുമായ സർക്കാരിന്റെ തർക്കങ്ങൾ നിലനിൽക്കുന്നതല്ല എന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിരീക്ഷിച്ചിട്ടുള്ളതുമാകുന്നു.

ആയതിനാൽ ടി ഉമാദേവി കേസിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ടി ജീവനക്കാരിക്ക് ബാധകമായിട്ടുള്ളതും ടിയാളുടെ സേവനം സ്ഥിരപ്പെടുത്താവുന്നതുമാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു"

ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയുന്നു.

"കിന്റർ ഗാർട്ടനുകളിൽ ടീച്ചർ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല എന്നും, നഴ്സറി സ്കൂൾ ടീച്ചർ തസ്തികയ്ക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതയില്ലാത്തയാളാണ് ശ്രീമതി. സരിതാ കുമാരി എന്നുമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ഏതൊരാളേയും നിയമിക്കുന്നതിന് അടിസ്ഥാനപരമായി ഒരു തസ്തിക ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ നിയമാനുസൃത

നിയമന രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് പത്തു വർഷത്തിലധികമായി തുടർന്നു വന്ന ജീവനക്കാരെ ഒറ്റത്തവണത്തേക്ക് എന്ന നിലയ്ക്ക് സ്ഥിരപ്പെടുത്തുന്നതിനുള്ള അനുമതിയാണ് "ഉമാദേവി" കേസിലെ വിധി പ്രകാരം ബഹു. സുപ്രീം കോടതി നല്കിയിട്ടുള്ളത്. നിലവിലില്ലാത്ത തസ്തികയിലേയ്ക്ക് മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരിയെ സ്ഥിരപ്പെടുത്തുന്നത് ഉമാദേവി കേസിലെയും തുടർന്നുള്ള Upendra Singh v. State of Bihar and others (Civil appeal No. 2356/2018), Union of India and others v. Limo Devi and another എന്നീ കേസുകളിലെയും ബഹു. സുപ്രീം കോടതി വിധിക്ക് എതിരായതും, തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുന്നതുമാണ്. ഇപ്രകാരം സ്ഥിരപ്പെടുത്തുന്ന പക്ഷം സമാനമായ ആവശ്യം മറ്റു വിഭാഗം ജീവനക്കാരിൽ നിന്നും ഉണ്ടാകുന്നതിന് കാരണമായേക്കും. ഈ സാഹചര്യത്തിൽ ടിയാരിയെ സ്ഥിരപ്പെടുത്താൻ സാധ്യമല്ലായെന്നും OA(EKM)1354/2017-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021-ലെ ഉത്തരവിനെതിരെ ഉചിത തലത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുവാനും ഭരണ വകുപ്പിനെ അറിയിക്കുന്നു. കൂടാതെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള 03.03.2018-ലെ സ.ഉ(അ)നം.31/2018/ധന ഉത്തരവിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു."

ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം നിയമ വകുപ്പിന്റെ അഭിപ്രായത്തിന് വിപരീതമായിട്ടാണെന്നു കണ്ടതിനാൽ വീണ്ടും നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ശ്രീമതി. സരിതകുമാരി 18.01.1994 മുതൽ (28 വർഷം) താത്കാലിക വ്യവസ്ഥയിൽ ജോലിനോക്കി വരുന്നതും ബഹു. സുപ്രീംകോടതി ഉമാദേവി കേസ്സിൽ വിധിന്യായം പുറപ്പെടുവിക്കുമ്പോൾ 12 വർഷം സേവനകാലം ഉണ്ടായിരുന്ന വ്യക്തിയുമാണ്. ഉമാദേവി കേസ്സിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ ആനുകൂല്യം ലഭ്യമാക്കുവാനാണ് ടിയാൾ ബഹു. KAT-യെ

സമീപിച്ചതും അതിന്മേൽ ബഹു. KAT ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പ് ഉപദേശം നൽകിയിരുന്നതുമാണ്. ഉമാദേവി കേസ്സിലെ വിധിന്യായത്തിൽ താത്കാലിക നിയമനം ലഭിച്ചവർ duly qualified ആയിരിക്കണം, അത് sanctioned vacant post-ൽ ആയിരിക്കണം 10 വർഷം തുടർച്ചയായ സർവ്വീസ്, അത് കോടതി ഉത്തരവുകളുടെ ബലത്തിലല്ലാതെ, ഉണ്ടായിരിക്കണം തുടങ്ങിയ നിബന്ധനകളാണ് താത്കാലികക്കാരുടെ ഒറ്റത്തവണ റഗുലറൈസേഷന് കോടതി ഏർപ്പെടുത്തിയിരുന്നത്.

ശ്രീമതി. സരിതാകുമാരിയുടെ റഗുലറൈസേഷൻ സംബന്ധിച്ച വിഷയത്തിൽ ധനകാര്യവകുപ്പ് ചൂണ്ടിക്കാട്ടിയ വസ്തുതകൾ സർക്കാർ ബഹു. KAT മുമ്പാകെ ഉന്നയിച്ചിട്ടുള്ളതും ബഹു. KAT ആയത് പരിഗണിച്ച് നിരസിച്ചിട്ടുള്ളതുമാണ്. ഹർജിക്കാരി 1994-ൽ നിലനിന്ന ബാലവാടിയിലാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരു നിയമനപ്രക്രിയയിലൂടെ നിയമനം നേടിയത്. ബാലവാടികളെയാണ് പിന്നീട് കിന്റർഗാർട്ടനായി പരിവർത്തനം ചെയ്തതും ഇവരെ തുടരുവാൻ അനുവദിച്ചിരുന്നതും. നിയമന സമയത്ത് ടിയാൾക്ക് ടി തസ്തികക്ക് ആവശ്യമായ യോഗ്യതയുണ്ടായിരുന്നതും നിയമനം നൽകുന്നതിനായി ഒരു തസ്തിക ഉണ്ടായിരുന്നതുമാണ്. കിന്റർഗാർട്ടനായി പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ അതിനുള്ള യോഗ്യത അത്തരത്തിൽ പരിവർത്തനം ചെയ്യപ്പെടുന്നതിനും വളരെ മുമ്പ് നിയമനം തേടിയ ആളിന്മേൽ ചുമത്തുന്നത് ശരിയല്ലായെന്നതാണ് ബഹു. KAT വിധിയുടെ അന്തഃസത്തകളിൽ ഒന്ന്. കൂടാതെ അതേ യോഗ്യത മാത്രം വച്ച് കൊണ്ട് ടിയാളെ വിരമിക്കും വരെ തുടരുവാൻ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉമാദേവി കേസ്സിലേയും മറ്റ് അനുബന്ധ കേസ്സുകളുടെയും അടിസ്ഥാനത്തിൽ തസ്തികയും യോഗ്യതയും ഉണ്ടെങ്കിൽ മാത്രം റഗുലറൈസ് ചെയ്യാൻ കഴിയുകയുള്ളൂ എന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായത്തോട് ഈ വകുപ്പ് യോജിക്കുന്നു. ശ്രീമതി. സരിതാകുമാരിയുടെ വിഷയത്തിൽ നിയമനസമയത്ത് തസ്തികയും വേണ്ട യോഗ്യതയും ഉണ്ടായിരുന്നതാണ്. നിയമനം ഒരു നടപടിക്രമത്തിലൂടെ

[redacted]

ആയിരുന്നുവെന്നതും നിയമനത്തിന് ഒരു തസ്തിക ഉണ്ടായിരുന്നുവെന്നതും പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായ യോഗ്യത ടിയാൾക്ക് ഉണ്ടായിരുന്നുവെന്നതും ഉമാദേവി കേസ്സിലെ വിധിന്യായത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ആവശ്യമായ സേവനകാലം ഉണ്ടായിരുന്നതുമാണ് ബഹു. KAT ഉത്തരവിന്റെ അടിസ്ഥാനം. ടി സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ശ്രീമതി. സരിതാകുമാരിക്ക് റഗുലറൈസേഷന് അർഹതയുണ്ട് എന്ന ഈ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽ മാറ്റം വരുത്തേണ്ട സാഹചര്യമില്ലായെന്ന് അറിയിക്കുന്നു."

വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

OA (EKM) 1354/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.10.2021 - ലെ ഉത്തരവ് നടപ്പിലാക്കുന്നതിലേക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി 18.01.1994 മുതൽ ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി. എ -യെ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട്, നിയമവകുപ്പിന്റെ ഉപദേശമനുസരിച്ച് ടിയാൾ മേൽപ്പറഞ്ഞ ജോലിയിൽ പത്തു വർഷം സേവനം പൂർത്തിയാക്കിയ ദിവസം മുതൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാമോ?

[redacted]

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-07-2022

ഫയൽ നം. 116/ഡി1/2017/പജപവവിവ. ഇനം നം: 946

വിഷയം : പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി. സരിതകുമാരി.എ-യെ OA(EKM) 1354/2017 നമ്പർ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021-ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൾ ജോലിയിൽ 10 വർഷം പൂർത്തിയാക്കിയ ദിവസം മുതൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.

അനുബന്ധം II

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ1/208/2021 പജപവവി |
| 2 | വകുപ്പ് | : | പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ് |
| 3 | വിഷയം | : | ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ/ സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപ നിരക്കിൽ ഏകീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16-08-2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | മിനിമോൾ.വി.ജി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 29-08-2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29-08-2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.കെ.രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 30-08-2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30-08-2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപ നിരക്കിൽ ഏകീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ലൈഫ് മിഷൻ മുഖേന വീടുകൾ അനുവദിക്കുമ്പോൾ പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപ നിരക്കിലും, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ നിരക്കിലുമാണ് തുക അനുവദിക്കുന്നത്. അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 20% തുക വരെ അധികമായും അനുവദിച്ചു വരുന്നുണ്ട്.

3. ഒരേ വിഭാഗത്തിൽപ്പെടുന്നവരും, സാമ്പത്തികമായും സാമൂഹ്യപരമായും ഒരേ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്നവരുമായ പട്ടികവർഗ്ഗക്കാർക്ക് അവർ താമസിക്കുന്ന പ്രദേശത്തിന്റെ വ്യത്യസ്ഥതയ്ക്കനുസരിച്ച് 6 ലക്ഷം രൂപ ധനസഹായം ലഭിക്കാതിരിക്കുന്നത് ഗുണഭോക്താക്കൾക്കിടയിൽ അസംതൃപ്തിക്ക് കാരണമാകുന്നുണ്ടെന്നും, ലൈഫ് മിഷൻ പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കളെ സങ്കേതത്തിനുള്ളിൽ സങ്കേതത്തിന് പുറത്ത് എന്നിങ്ങനെ തരം തിരിച്ചത് മൂലം സങ്കേതത്തിൽ അല്ലാതെ

ദുർഘടപ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നവർക്ക് നിർമ്മാണ ചെലവ് കൂടുമെങ്കിലും സങ്കേതത്തിന് പുറത്ത് താമസിക്കുന്നവർ എന്ന നിലക്ക് ധനസഹായം കുറയുന്ന അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ റീബിൽഡ് കേരള എന്നീ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം സങ്കേതത്തിനുള്ളിൽ / സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ തന്നെ 6 ലക്ഷം രൂപ നിരക്കിൽ ഏകീകരിച്ച് ഉത്തരവാകേണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"ഭരണ വകുപ്പ് ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ച് കൊണ്ടും SCSTDD-E1/114/2018-SCSTDD നമ്പർ ഫയലിലെ 14/03/2019-ലെ ധനവകുപ്പിന്റെ അഭിപ്രായത്തിലേയ്ക്ക് (Note#77) ശ്രദ്ധ ക്ഷണിച്ച കൊണ്ടും ഫയൽ മടക്കുന്നു."

5. SCSTDD-E1/114/2018-SCSTDD നമ്പർ ഫയലിലെ 14/03/2019-ലെ ധനവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"Finance reiterates its earlier remarks that in respect of all housing schemes unit cost would be 4 lakh and for tribal housing located in remote areas could be Rs.6 lakhs. This has the approval of Hon'ble. Minister (Finance)"

6. ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപ നിരക്കിൽ ഏകീകരിക്കാത്തത് സംബന്ധിച്ച് നിരവധി പരാതികളും അപേക്ഷകളും വകുപ്പിൽ ലഭ്യമാകുന്നുണ്ടെന്നും ഈ സാഹചര്യത്തിൽ സർക്കാർ ടി വിഷയം പുനഃപരിശോധന നടത്തി പട്ടികവർഗ്ഗക്കാർക്ക് അനുകൂലമായ തീരുമാനമുണ്ടാകണമെന്നുള്ള ഡയറക്ടറുടെ 04.01.2022 ലെ പ്രൊപ്പോസൽ ബഹു. വകുപ്പ് മന്ത്രിയുടെ ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി വീണ്ടും സമർപ്പിച്ചിരുന്നതിന്മേൽ ധനവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"പട്ടികവർഗ്ഗ വിഭാഗത്തിൽ വരുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായ നിരക്ക് ഏകീകരിക്കാൻ കഴിയുകയില്ല എന്ന മുൻ നിലപാടിൽ ധനവകുപ്പ് ഉറച്ചു നിൽക്കുന്നതായി അറിയിക്കുന്നു. ഇതിന് ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

7. ബഹു.പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ശുപാർശ സഹിതം ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ, സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നുവരുന്ന പ്രദേശത്തും അതിവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗക്കാർക്കുള്ള ധനസഹായം 6 ലക്ഷം രൂപയായി

ഉയർത്തുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ലൈഫ് മിഷൻ പദ്ധതി പ്രകാരം സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നുവരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗക്കാർക്കുള്ള ധനസഹായം ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട് 6 ലക്ഷം രൂപയായി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-08-2022

ഫയൽ നം. ഇ1/208/2021/പജപവവിവ.

ഇനം നം: 1028

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ/സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപ നിരക്കിൽ ഏകീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.

സെക്ഷൻ ഓഫീസർ